## പതിനാലാം കേരള നിയമസഭ
### പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 3412 — 14.03.2018 — ൽ മറുപടിക്ക്

## ഭക്ഷ്യധാന്യവിഹിതം പാഴാക്കാതിരിക്കാൻ നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.കെ. ശശി : | | ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും<br>വകുപ്പുമന്ത്രി) | |
| (എ) | അർഹതപ്പെട്ട എല്ലാവരും ഭക്ഷ്യധാന്യങ്ങൾ വാങ്ങണമെന്നും അല്ലെങ്കിൽ അനുവദിച്ചിട്ടുള്ള പട്ടികയിൽ കുറവു വരും എന്നും അത്തരത്തിൽ കുറവു വന്നാൽ ഭക്ഷ്യധാന്യവിഹിതം വെട്ടിക്കുറയ്ക്കുമെന്ന കേന്ദ്ര സർക്കാർ സമീപനം നടപ്പാക്കപ്പെടും എന്നുമുള്ള കാര്യങ്ങൾ ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പിന്റെ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | സംസ്ഥാനത്തിന്റെ ധാന്യവിഹിതം പാഴാക്കാതിരിക്കാനും എല്ലാവരുടെയും റേഷൻ വിഹിതം അവരവർ വാങ്ങണം എന്നതും, ഈ വിഹിതം ആവശ്യമില്ലാത്തവർ അക്കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്താനും ഒപ്പം റേഷൻകടക്കാരുടെ അഴിമതി ഒഴിവാക്കാനും വകുപ്പ് സ്വീകരിച്ചു വരുന്ന നടപടികൾ വ്യക്തമാക്കുമോ? | (ബി) | ഓരോ മാസത്തിലും അർഹമായ റേഷൻ വിഹിതം സംബന്ധിച്ച് മാധ്യമങ്ങൾ മുഖേനയും എസ്.എം.എസ് സന്ദേശത്തിലൂടെയും റേഷൻ കടകൾക്ക് മുന്നിലായി സ്ഥാപിച്ചിരിക്കുന്ന ഭക്ഷ്യ ധാന്യ വിഹിതം സംബന്ധിച്ച ബോർഡുകളിലൂടെയും അറിയിപ്പ് നൽകുന്നുണ്ട്. കേന്ദ്ര സർക്കാരിന്റെ നിർദ്ദേശാനുസരണം പൊതുവിതരണ സമ്പ്രദായത്തിൽ Give up പദ്ധതി (റേഷൻ സാധനങ്ങൾ ആവശ്യമില്ലാത്തവർക്ക് തങ്ങളുടെ കാർഡിന്റെ മറ്റാനുകൂല്യങ്ങൾ നഷ്ടപ്പെടാതെ തന്നെ റേഷൻ വിഹിതം കൂടുതൽ അർഹരായവർക്ക് വേണ്ടി വേണ്ടെന്നു വയ്ക്കാവുന്ന പദ്ധതി) നടപ്പാക്കുന്നതിനോടനുബന്ധിച്ച് റേഷൻ കാർഡ് പുതുക്കലിനുള്ള പ്രീ-പോപ്പുലേറ്റഡ് ഫോറത്തിൽ 13000-ൽപരം കാർഡുടമകൾ റേഷൻ വിഹിതം ആവശ്യമില്ല എന്നറിയിച്ചിട്ടുണ്ട്. കൂടാതെ ഇതുസംബന്ധിച്ച പത്ര പരസ്യവും നൽകിയിട്ടുണ്ട്.<br>റേഷൻകടകളിലൂടെയുള്ള ഭക്ഷ്യ ധാന്യ വിതരണം സുതാര്യമാക്കുന്നതിനായി കടകളിൽ ഇ-പോസ് മെഷീൻ സ്ഥാപിക്കൽ, സോഷ്യൽ ഓഡിറ്റ്, പരാതി പരിഹാര സംവിധാനം ശക്തമാക്കൽ, സ്റ്റേറ്റ് ഫുഡ് കമ്മീഷൻ, ജില്ലാതല പരാതി പരിഹാര സംവിധാനം എന്നിവയുടെ പ്രവർത്തനം ആരംഭിക്കുക, വിജിലൻസ് കമ്മിറ്റി രൂപീകരിക്കുക, കാൾ സെന്റർ സ്ഥാപിക്കൽ എന്നിവ നടപ്പാക്കി വരുന്നു. |

*സെക്ഷൻ ഓഫീസർ*